LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. ശിവൻകുട്ടി ഉന്നയിച്ചത് വളരെ സീരിയസായ വിഷയമാണ്. വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് നിർത്തിയപ്പോൾ സ്വാഭാവികമായും എം.എൽ.എ. ക്വാർട്ടേഴ്സിലും വെള്ളം കിട്ടാതെ വന്നു. അത് ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ വാട്ടർ അതോറിറ്റിയോട് ലോറികളിൽ വെള്ളം എത്തിക്കാൻ ആവശ്യപ്പെട്ടു. വാട്ടർ അതോറിറ്റി ലോറികളിൽ എം.എൽ.എ. ക്വാർട്ടേഴ്സിൽ വെള്ളം എത്തിച്ചു. ഒന്നോ രണ്ടോ ഫ്ലാറ്റുകളിൽ മാത്രമാണ് അൽപ്പം ബുദ്ധിമുട്ട് വന്നത്.

(9) താനൂർ ഫിഷിംഗ് ഹാർബർ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി 2014 ഫെബ്രുവരിയിൽ ആരംഭിച്ചതാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ഇൻബോർഡ് വള്ളങ്ങളുള്ള തീരങ്ങളിലൊന്നായ താനൂരിൽ മൽസ്യബന്ധന ഉറമുഖത്തിന്റെ പ്രവൃത്തി മുഖ്യമന്ത്രി തറക്കല്ലിട്ടതുമുതൽ ഒരു ദിവസംപോലും നിശ്ചലമായിരുന്നില്ല. എന്നാൽ ബ്രേക്ക് വാട്ടറിന്റെ പ്രവൃത്തി ഏകദേശം 70 ശതമാനത്തോളം പൂർത്തീകരിച്ചതിനുശേഷം ഇപ്പോൾ പ്രവൃത്തി നിശ്ചലമായിരിക്കുകയാണ്. കടലിന്റെ ആഴം തിട്ടപ്പെടുത്തുന്നതിൽവന്ന വ്യതിയാനംമൂലം കല്ല് തികയാതെ വന്നിരിക്കുന്നുവെന്നാണ് കരാറുകാരൻ പറയുന്നത്. ഭരണാനുമതി ലഭിച്ച വാർഫും ഓഷ്യൻവാളും ബ്രേക്ക് വാട്ടറും പൂർത്തീകരിക്കാതെ പ്രവൃത്തി നടത്താനാവില്ലെന്നും അറിയിക്കുന്നു. ബ്രേക്ക് വാട്ടർ പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ വാർഫും ഓഷ്യൻവാളും പ്രവൃത്തി നടത്താനാകൂ. കേന്ദ്രസർക്കാരിലേയ്ക്ക് അയച്ച കോംപ്രിഹെൻസീവ് റിപ്പോർട്ടിന് ഇതുവരെ അനുമതിയായിട്ടില്ല. ഈ സാഹചര്യത്തിൽ ഇപ്പോൾ ഭരണാനുമതി ലഭിച്ച 44 കോടിരൂപയുടെ പ്രവൃത്തി തുടരുന്നതിനുള്ള സാങ്കേതിക പ്രയാസങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും കേന്ദ്രാനുമതിയുടെ കാലതാമസം ഒഴിവാക്കുന്നതിനും പ്രവൃത്തി നിശ്ചലമാകാതെ അനുസ്യൂതം തുടരുന്നതിനും സംസ്ഥാനസർക്കാർ നടപടി എടുക്കണമെന്ന് ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം 75 ശതമാനം കേന്ദ്രധനസഹായ പദ്ധതിയിലുൾപ്പെടുത്തി 4,487 ലക്ഷം രൂപയുടെ ഭരണാനുമതി 30-1-2013-ന് നൽകിയതാണ്. അതിന്റെ നിർമ്മാണപ്രവർത്തനം മുടങ്ങാതെ നടന്നു കൊണ്ടിരിക്കുകയായിരുന്നു.

എന്നാൽ പുലിമുട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പ് പ്രാഥമിക സൗണ്ടിംഗ് എടുത്തപ്പോൾത്തന്നെ കടലിന്റെ തീരത്തോട് അടുത്ത ഭാഗം മുതൽ ആഴം കൂടിയതായി കാണപ്പെട്ടു. ആയതിനാൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ കല്ലിന്റെ അളവിലും റിക്ലമേഷൻ ബണ്ടിന്റെ അളവിലും കാര്യമായ വർദ്ധനവുണ്ടായി. ഈ പ്രവൃത്തികൾക്കായി 43.21 ശതമാനം അധികമായിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് സർക്കാർ ഉപാധികളോടെ അംഗീകാരം നൽകിയിട്ടുണ്ട്. ഈ ഉത്തരവിൽ ഹൈഡ്രോഗ്രാഫിക്സ് സർവ്വേ വിംഗ് മുഖേന സൗണ്ടിംഗ് എടുത്ത് ലെവൽ തിട്ടപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതുപ്രകാരം ഹൈഡ്രോഗ്രാഫിക്സ് സർവ്വേ വിംഗ് മുഖേന സൗണ്ടിംഗ് എടുത്ത് ചാർട്ട് പരിശോധിച്ചുവരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എടുത്ത ആഴത്തിലും ഹൈഡ്രോഗ്രാഫിക്സ് സർവ്വേ വിംഗ് എടുത്ത ആഴത്തിലും വ്യത്യാസം കണ്ടതിനാൽ ജോയിന്റായി ലെവൽ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 850 മീറ്റർ നീളത്തിലുള്ള വടക്കേ പുലിമുട്ട് 480 മീറ്റർ നീളത്തിലും 1050 മീറ്റർ നീളമുള്ള തെക്കേ പുലിമുട്ട് 810 മീറ്റർ നീളത്തിലും ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പുലിമുട്ടുകളുടെ പ്രവൃത്തിക്കാവശ്യമായ കല്ലിന്റെ അളവ് കരാർ പ്രകാരമുള്ള അളവിനേക്കാൾ അധികരിച്ചതിനാൽ പുലിമുട്ടുകളുടെ ശേഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ശാന്തമായ നൗകാശയം ലഭിക്കത്തക്കവിധത്തിൽ പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിച്ചാൽ മാത്രമേ ഈ കരാറിലെ ശേഷിക്കുന്ന പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. പുലിമുട്ട് നിർമ്മാണത്തിന്റെ അളവിൽ വർദ്ധനവ് വന്നതിനാലും ക്രമീകരിച്ച പ്രവൃത്തികളിൽ ദർഘാസ് അധികം വന്നതിനാലും ഇനി ക്രമീകരിക്കാനുള്ള പ്രവൃത്തികൾക്ക് പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുള്ളതിനാലും നിലവിലുള്ള തുകയായ 4,487 ലക്ഷം രൂപയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കില്ല. ഈ സാഹചര്യത്തിൽ 8,117 ലക്ഷം രൂപയായി പുതുക്കി കോംപ്രിഹെൻസീവ് റിപ്പോർട്ട് ഭരണാനുമതിക്കായി കേന്ദ്രസർക്കാരിലേയ്ക്ക് 20-03-2015-ൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കേന്ദ്രസർക്കാരിൽനിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ആദ്യം ഭരണാനുമതി കൊടുത്ത 44 കോടിരൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ പറ്റുമോ എന്നുള്ളതിന്റെ പ്രായോഗിക-സാങ്കേതിക വശങ്ങൾ പരിശോധിക്കുന്നതാണ്. ഇന്നുതന്നെ ബഹുമാനപ്പെട്ട മെമ്പറുടെ സാന്നിദ്ധ്യത്തിൽ ചീഫ് എഞ്ചിനീയറുമായും ഹാർബർ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുമായും ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്.

777/2019

LIBRARY ARCHIVES Kerala Legislative Assembly